IV. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട്

ശ്രീ. ടി. എൻ. പ്രതാപൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം സമിതി ചെയർമാനുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. ഡെ. സ്പീക്കർ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

1. 2004-ലെ കേരള ആത്മഹത്യാ നിർമ്മാർജ്ജന സംയോജിത പദ്ധതി പ്രാവർത്തികമാക്കൽ ബിൽ

ശ്രീ. സ്റ്റീഫൻ ജോർജ്: സർ, 2004-ലെ കേരള ആത്മഹത്യാ നിർമ്മാർജ്ജന സംയോജിത പദ്ധതി പ്രാവർത്തികമാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ ബില്ലിന്റെ തത്വത്തോട് വിയോജിപ്പില്ല, പക്ഷേ ഗവൺമെന്റ് ഇത് oppose ചെയ്യുകയാണ്.

ശ്രീ. സ്റ്റീഫൻ ജോർജ്: സർ, ഇത്തരമൊരു ബിൽ ഞാൻ അവതരിപ്പിക്കാനുണ്ടായ സാഹചര്യം പറയാം. ഇന്ത്യാ രാജ്യത്തെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം അഭിമാനകരമായ രണ്ടു കാര്യങ്ങളിൽ മുൻപന്തിയിലാണ്. ഒന്ന് ആരോഗ്യ പരിപാലനരംഗത്തും മറ്റൊന്ന് പ്രാഥമിക വിദ്യാഭ്യാസരംഗത്തും. പക്ഷേ അതുപോലെ നമുക്ക് വേദനാജനകമായ രണ്ടു കാര്യങ്ങളിലും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മുൻപന്തിയിലാണ്. അതിലൊന്ന് ഇന്ത്യയിൽ എറ്റവും കൂടുതൽ ആത്മഹത്യ നടക്കുന്ന സംസ്ഥാനം കേരളമാണ് എന്നതാണ്. രണ്ടാമത്തേത് ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ ആൽക്കഹോൾ കൺസംപ്ഷൻ നടക്കുന്നതും കേരളത്തിലാണ്. അത്തരമൊരു സാഹചര്യമാണ് ഇത്തരം ഒരു ബിൽ ഇവിടെ അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ചിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ നിരാകരിക്കുന്നതായി സൂചിപ്പിക്കുകയുണ്ടായി. ഒരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത്, കേരളത്തിലെ ദുർമരണപ്പെട്ട ആയിരക്കണക്കിന്

LIBRARY ARCHIVES Kerala Legislative Assembly